**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ ശാക്തീകരണ ശില്പശാല, നിർമിതബുദ്ധി ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രത്യേകമായ കോൺക്ലേവുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | 2024 ഡിസംബർ 7-10 തീയതികളിൽ തിരുവനന്തപുരത്ത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വ്യവസായ-അക്കാദമിയ-സർക്കാർ (IAG) കോൺക്ലേവ് ഉദ്യമ 1.0 നടത്തിയിട്ടുണ്ട്. 2025 ജനുവരി 14 - 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ (CUSAT) സംസ്ഥാന സർക്കാരും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി.<br><br>കോൺക്ളേവിന്റെ ഭാഗമായി സംസ്ഥാന ത്തിന് പുറത്ത് പ്രവർത്തിക്കുന്ന പ്രമുഖരായ അക്കാദമിക് വിദഗ്ധരുടെ സേവനം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനും വ്യവസായവും വിദ്യാഭ്യാസവും തമ്മിലുള്ള ആദാനപ്രദാനങ്ങൾ വർദ്ധിപ്പിയ്ക്കുന്നതിന് സ്ഥിരം സംവിധാനം സ്ഥാപിയ്ക്കുന്നതിനും സ്ഥാപനങ്ങളിലുള്ള സ്കിൽ ഡെവെലപ്മെന്റ് സെൻ്ററുകൾ വികസിപ്പിച്ച് വ്യവസായവുമായുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും റ്റിന്നിംഗ് പ്രോഗ്രാമുകൾ വ്യാപിപ്പിക്കുന്നതിനും ഫാക്കൽറ്റികളെ മാറിവരുന്ന വിദ്യാഭ്യാസ രീതികളിൽ പ്രാഗൽഭ്യമുള്ളവരാക്കി മാറ്റുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സർക്കാർ നേതൃത്വം നൽകുന്നതാണ് എന്ന പ്രഖ്യാപനം നടത്തി.<br><br>ഐഎച്ച്ആർഡി യുടെ നേതൃത്വത്തിൽ നിർമ്മിത ബുദ്ധി ആസ്പദമാക്കി International Conclave on Generative AI and the Future of Education എന്ന |

| | | | |
|---|---|---|---|
| | | | പേരിൽ കോൺക്ലേവ് 1.0 2023 ലും 2.0 2024 ലും വിജയകരമായി സംഘടപ്പിച്ചു. |
| (ബി) | വികസന വിഷയങ്ങളിൽ വിദ്യാർത്ഥികളുടേയും യുവസമൂഹത്തിന്റേയും കാഴ്ചപ്പാട് മനസ്സിലാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വികസന വിഷയങ്ങളിൽ വിദ്യാർത്ഥികളുടേയും യുവസമൂഹത്തിന്റേയും കാഴ്ചപ്പാട് മനസ്സിലാക്കുന്നതിന് കോൺക്ലേവിൽ അവസരമുണ്ടായി.<br><br>വ്യവസായ വിദഗ്ദരുമായി സംവദിക്കാനും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളുടെ വിജയഗാഥകൾ കേൾക്കാനും അവസരം ലഭിച്ചു. യുവ സംരംഭകർ കൂടാതെ, പ്രമുഖ സ്ഥാപനങ്ങൾ സന്ദർശിച്ച ഫാക്കൽറ്റി അംഗങ്ങളുടെ അവതരണം ഈ സ്ഥാപനങ്ങളിൽ വ്യവസായ-അക്കാദമിയ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെച്ചു.<br><br>കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ (CUSAT) ൽ വച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉന്നത വിദ്യാഭ്യാസ രംഗത്തിന് നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വിചക്ഷണർ, അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, അന്താരാഷ്ട്ര പ്രതിനിധികൾ എന്നിവർ നേതൃത്വം വഹിച്ചു.<br><br>കേരള സർക്കാരിന്റെ Young innovators Programme (YIP) ൽ ഐ.എച്ച്.ആർ.ഡി യുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പങ്കാളികളായി. |
| (സി) | സംസ്ഥാനത്തിന്റെ ജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്നതിന് പ്രസ്തുത പ്രവർത്തനങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായുള്ള കർമ്മ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ, അടിയന്തരവും ദീർഘകാലവുമായ നടപടികൾ തിരിച്ചറിഞ്ഞു. ഇതിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു<br><br>• ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനു (ഡിടിഇ) യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയ ചട്ടക്കൂടിന്റെ വികസനം.<br>• കാമ്പസുകളിൽ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള നയങ്ങൾ<br>• വ്യവസായങ്ങളിൽ ജോലി ചെയ്യുന്നതിന് ഫാക്കൽറ്റി അംഗങ്ങൾക്ക് സബാറ്റിക്കൽ ലീവ് നൽകാനുള്ള സാധ്യത<br>• പ്രാരംഭ 3 വർഷത്തേക്ക് സ്റ്റാർട്ടപ്പുകൾക്ക് സീഡ് മണി നൽകുക.<br>• സംരംഭകത്വ വർക്ക്ഷോപ്പുകളിലും സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളിലും ഫാക്കൽറ്റി പങ്കാളിത്തം സ്പോൺസർ ചെയ്യുക |

| | | | | |
|---|---|---|---|---|
| | | | | • എല്ലാ വർഷവും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ മികവ് പുലർത്തുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമോ അവാർഡുകളോ നൽകുക<br>• ആഗോള വിദ്യാഭ്യാസ മേള പോലുള്ള വ്യവസായ പിന്തുണയോടെ നടത്തുന്ന ആഗോള, ദേശീയ പരിപാടികളിൽ പങ്കെടുക്കുന്നതിന് ഫാക്കൽറ്റി അവസരം നല്കുക.<br>• വ്യവസായ സംബന്ധിയായ പരിപാടികൾക്കായി വ്യവസായങ്ങളിൽ നിന്ന് ഫണ്ട് സ്വീകരിക്കുന്നതിനും പ്രാപ്തമാക്കുന്നതിന് ടിബിഐ (എൻജിനിയറിങ് കോളേജുകൾക്കായി)/ഐഒസി (പോളിടെക്നിക്കുകൾ) എന്നിവയിൽ നിന്ന് ഒരു സെക്ഷൻ 8 കമ്പനി ഉണ്ടായിരിക്കുന്നതിന് സ്ഥാപനങ്ങളെ പിന്തുണയ്ക്കുക.<br>• എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും ടെസ്റ്റ് റിസർച്ച് പാർക്കിന്റെ സാറ്റലൈറ്റ് സെൻ്ററുകൾ സ്ഥാപിക്കുക<br><br>ഉന്നത വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം ഗവേഷണ മികവ് എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു. വ്യവസായ, വിദ്യാഭ്യാസ സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ, മികച്ച ഗവേഷണ വിദ്യകളും സാങ്കേതിക വിദ്യകളും ഉപയുക്തമാക്കി തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും വിപുലമായ പര്യവേഷങ്ങൾ കോൺക്ലേവിന്റെ ഭാഗമായിരുന്നു.<br><br>നിർമ്മിത ബുദ്ധിയെ അടിസ്ഥാനമാക്കിയുള്ള നൂതന കോഴ്സുകൾ ആരംഭിക്കുന്നതിലൂടെ ജ്ഞാന സമൃദ്ധമായ ഒരു യുവതലമുറയെ വാർത്തെടുക്കാനും ഉള്ള പദ്ധതികൾക്ക് രൂപം കൊടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ